**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **24-02-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. പ്രമോട്ടർമാരുടെ പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.സി./എസ്.ടി. പ്രമോട്ടർ മാരായി നിയമനം ലഭിക്കുന്നത്തിനുള്ള പ്രായപരിധി കുറച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതിനു ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. എസ്.സി/എസ്.ടി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ-വികസന പദ്ധതികൾ സംബന്ധിച്ച അറിയിപ്പും, അവബോധവും പ്രദേശിക തലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേക്ക് എത്തിക്കാൻ ഫീൽഡ് തല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവിലേക്കാണ് ഇവർ നിയമിക്കപ്പെടുന്നത്. നൂതന പദ്ധതികൾ പട്ടികജാതി, പട്ടികവർഗ്ഗക്കാരിൽ എത്തിക്കുന്നതിന് കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ഈ മേഖലകളിലും വരുത്തേണ്ടതുണ്ട്. ആയതിന് പ്രതിജ്ഞാബദ്ധരും, ഊർജ്ജസ്വലരും, വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ പട്ടികജാതി/പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി ഈ മേഖലയിലേക്ക് കൂടുതലായി യുവതിയുവാക്കൾക്ക് അവസരം നൽകി പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാണ് എസ്.സി/എസ്.ടി പ്രൊമോട്ടർമാരുടെ നിയമനം ലഭിക്കുന്നതിനുള്ള പ്രായപരിധി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയേക്കാൾ പ്രായമുള്ള എത്ര ആളുകളാണ് നിലവിൽ എസ്.സി./എസ്.ടി. പ്രമോട്ടർമാർ ആയി പ്രവർത്തിക്കുന്നത്; വർഷങ്ങളായി ഈ മേഖലയിൽ ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്നവർക്ക് തൊഴിൽ നഷ്ടം ഉണ്ടാകുന്ന ഈ സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയേക്കാൾ പ്രായമുള്ള 904 ആളുകളാണ് നിലവിൽ എസ്.സി പ്രൊമോട്ടർമാരായി പ്രവർത്തിക്കുന്നത്. പുതിയ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കാൻ സാധിക്കാത്ത നിലവിലുള്ള പ്രൊമോട്ടർമാർക്ക് പട്ടികജാതിവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന എംപവർമെന്റ് സൊസൈറ്റികൾ, ടാലെന്റ് സെന്ററുകൾ എന്നിവയിലേക്ക് അപേക്ഷിക്കുമ്പോൾ മുൻഗണന നൽകേണ്ടതാണെന്ന് പട്ടികജാതി പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ